# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:16.01.2026**

## പ്രധാനവാർത്തകൾ

1) സ്റ്റാർട്ട് അപ്പ് ഇന്ത്യ പദ്ധതി രാജ്യത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2) 64- മത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മേധാവിത്വം തുടർന്ന് കണ്ണൂർ ജില്ല. കോഴിക്കോടും, തൃശൂരും തൊട്ടു പിന്നിൽ.

3) ഐ.ടി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് വീടിനടുത്ത് തൊഴിലിടം ഒരുക്കുന്ന സംസ്ഥാന സർക്കാരിന്റെ 'വർക്ക് നിയർ ഹോം' പദ്ധതിക്ക് തിങ്കളാഴ്ച തുടക്കമാവും.

4) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും ആനുകൂല്യങ്ങളും നൽകുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ

5) ലൈംഗിക പീഡനക്കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ ജാമ്യ ഹർജിയിൽ കോടതി നാളെ വിധി പറയും.

RNU TVPM

6) വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് , ഗുജറാത്ത് ജയൻറ്സ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും

*************************

## സ്റ്റാർട്ട് അപ്പ് (ഇൻട്രോ)

സ്റ്റാർട്ട് അപ്പ് ഇന്ത്യ പദ്ധതി രാജ്യത്ത് കഴിഞ്ഞ 10 വർഷത്തിനിടെ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ദേശീയ സ്റ്റാർട്ടപ്പ് ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയായി ഇന്ത്യ മാറിയിരിക്കുകയാണ്. ആത്മനിർഭർ ഭാരത്, വികസിത് ഭാരത് എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സ്റ്റാർട്ടപ്പുകൾ നിർണായക പങ്ക് വഹിക്കുന്നതായും ശ്രീ മോദി പറഞ്ഞു. 10 വർഷം മുൻപ് അഞ്ഞൂറിനടുത്ത് മാത്രമായിരുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം നിലവിൽ രണ്ട് ലക്ഷമായി ഉയർന്നതായും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

*************************

## നിയമസഭ

പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാം സമ്മേളനത്തിന് ഈ മാസം 20 ന് തുടക്കമാകും. ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനം ആരംഭിക്കുക. ഈ മാസം 29ന് ധനമന്ത്രി കെ എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കും. മാർച്ച് 26 വരെ 32 ദിവസമാണ് സഭ സമ്മേളിക്കുക. ഫെബ്രുവരി 6 മുതൽ 22 വരെയുള്ള കാലയളവിൽ സഭ ചേരുന്നതല്ല.

*************************

RNUTVPM

## സ്കൂൾ കലോത്സവം (ഇൻട്രോ)

64 മത് സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെ മൂന്നാം ദിനത്തിൽ 634 പോയിന്റുകളുമായി കണ്ണൂർ ജില്ല മേളയിൽ ആധിപത്യം തുടരുന്നു. 620 പോയിൻറുമായി കോഴിക്കോട് രണ്ടാം സ്ഥാനത്താണ്. 618 പോയിൻറുമായി തൃശൂരാണ് മൂന്നാം സ്ഥാനത്ത്. സ്വർണക്കപ്പിനായി ഇഞ്ചോടിഞ്ച് പോരാട്ടമാണ് അരങ്ങേറുന്നത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്....
(ഹോൾഡ്)

**************************

## സ്കൂൾ കലോത്സവം സമാപനം

64-ാമത് കേരള സ്കൂൾ കലോത്സവത്തിൻറെ സമാപന സമ്മേളനം തൃശൂർ തേക്കിൻകാട് മൈതാനിയിൽ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മറ്റന്നാൾ നിർവഹിക്കും. മലയാളത്തിന്റെ അഭിമാനമായ നടൻ മോഹൻലാൽ ചടങ്ങിൽ വിശിഷ്ടാതിഥിയാകും. കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി ഒന്നാമതെത്തുന്ന ജില്ലയ്ക്കുള്ള സ്വർണ്ണക്കപ്പ് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയും, ശ്രീ. മോഹൻലാലും ചേർന്ന് വിജയികൾക്ക് സമ്മാനിക്കും.

RNUTVPM

**************************

## വർക്ക് നിയർ ഹോം

ഐ.ടി വിജ്ഞാനധിഷ്ഠിത മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തം വീടിനടുത്ത് ലോകോത്തര നിലവാരത്തിലുള്ള തൊഴിലിടങ്ങൾ ഒരുക്കുന്ന സംസ്ഥാന സർക്കാരിന്റെ "കമ്മ്യൂൺ" 'വർക്ക് നിയർ ഹോം' പദ്ധതിക്ക് തുടക്കമാകുന്നു. പദ്ധതിയുടെ ഭാഗമായുള്ള ആദ്യ പൈലറ്റ് കേന്ദ്രം ഈ മാസം 19 ന് കൊട്ടാരക്കരയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ആദ്യഘട്ടത്തിൽ 10 കേന്ദ്രങ്ങളാണ് സംസ്ഥാനത്താകെ ലക്ഷ്യമിടുന്നത്. കൊട്ടാരക്കരയ്ക്ക് പുറമെ

കളമശ്ശേരി, രാമനാട്ടുകര, തളിപ്പറമ്പ്, പെരിന്തൽമണ്ണ തുടങ്ങി ഒൻപത് കേന്ദ്രങ്ങൾ കൂടി ഉടൻ പ്രവർത്തനസജ്ജമാകും. കേരളത്തെ ഒരു ആഗോള 'സ്കിൽ ഡെവലപ്മെന്റ് ഹബ്ബ്' ആയി ഉയർത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

*************************

## ജെസി ഡാനിയേൽ

മലയാള ചലച്ചിത്രരംഗത്തെ ആയുഷ്കാല സംഭാവനയ്ക്കുള്ള 2024ലെ ജെ.സി ഡാനിയേൽ പുരസ്കാരം നടി ശാരദയ്ക്ക്. സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര പുരസ്കാരമാണ് അഞ്ചു ലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപ്പവും അടങ്ങുന്ന ജെ.സി ഡാനിയേൽ അവാർഡ്. ഈ മാസം 25ന് തിരുവനന്തപുരം നിശാഗന്ധിയിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും.

*************************

## ധനമന്ത്രി

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും ആനുകൂല്യങ്ങളും നൽകുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ.ക്ഷാമബത്ത നൽകുന്നതിൽ സർക്കാർ നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നു എന്ന വാർത്തകൾ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

*************************

## ജോയിൻറ് കൗൺസിൽ

ക്ഷാമബത്ത അവകാശമല്ലെന്ന സംസ്ഥാന സർക്കാർ നിലപാട് തിരുത്തണമെന്നും, ഇടതുസർക്കാരിന്റെ പ്രഖ്യാപിതനയത്തിന് അനുസരിച്ചാവണം കോടതിയിൽ പറയേണ്ടതെന്നും അദ്ധ്യാപക-സർവീസ് സംഘടനാ സമരസമിതി. ക്ഷാമബത്ത, ജീവനക്കാരുടെ

RNU TVPM

അവകാശമല്ലെന്ന് വ്യാഖ്യനിച്ച് കോടതിയിൽ നൽകിയ സത്യവാങ്മൂലം പിൻവലിക്കാൻ സർക്കാർ തയ്യാറാകണമെന്നും സംഘടന പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

*************************

**അപേക്ഷ ക്ഷണിക്കുന്നു**

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

*************************

**രാജ്യാന്തര സംഗീതോത്സവം**

തപസ്യ കലാസാഹിത്യവേദിയുടെ സുവർണജൂബിലി ആഘോഷത്തിന്റെ ഭാഗമായി പാലക്കാട് സംഘടിപ്പിക്കുന്ന രാജ്യാന്തര സംഗീതോത്സവം നാളെ കേന്ദ്രമന്ത്രി ഗജേന്ദ്രസിങ് ഷെഖാവത്ത് ഉദ്ഘാടനം ചെയ്യും. ഈ മാസം 20 വരെയാണ് സംഗീതോത്സവം.

*************************

**രാഹുൽ**

മൂന്നാമത്തെ ലൈംഗിക പീഡനക്കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ ജാമ്യ ഹർജിയിൽ വാദം പൂർത്തിയായി. അടച്ചിട്ട കോടതിയിൽ വാദം കേട്ട ശേഷം തിരുവല്ല മജിസ്ട്രേറ്റ് കോടതി വിധി പറയാനായി നാളത്തേക്ക് മാറ്റി.

*************************

**ശബരിമല-വാജിവാഹനം**

RNU TVPM

ശബരിമയിലെ പഴയ കൊടിമരം 2017 ൽ മാറ്റി സ്ഥാപിച്ചപ്പോൾ കൊടിമരത്തിലെ വാജിവാഹനം ചട്ടവിരുദ്ധമായാണ് തന്ത്രിക്ക് നൽകിയതെന്ന് ദേവസ്വം രേഖകൾ. ദേവസ്വം കമ്മീഷണറുടെ 2012ലെ ഉത്തരവിന് വിരുദ്ധമാണ് നടപടി. ഭൗതികവസ്തുക്കൾ ദേവസ്വം സ്വത്തായി സൂക്ഷിക്കണമെന്നാണ് ഈ ഉത്തരവിൽ പറയുന്നത്. പ്രയാർ ഗോപാലകൃഷ്ണൻ ദേവസ്വം ബോർഡ് പ്രസിഡൻ്റായിരിക്കുമ്പോഴാണ് വാജിവാഹനം തന്ത്രിക്ക് നൽകിയത്.

**************************

## ശബരിമല-വിജിലൻസ്

ശബരിമല ക്ഷേത്രത്തിലെ ചെമ്പുപാളികളിൽ പതിച്ചിരുന്ന സ്വർണത്തിന്റെ അളവും കാലപ്പഴക്കവും കൃത്യമായി തിട്ടപ്പെടുത്തുന്നതിനായി തിരുവനന്തപുരം വിഎസ്എസ്സിക്ക് നൽകിയ സാംപിളുകളുടെ ശാസ്ത്രീയ പരിശോധനാഫലം മുദ്രവച്ച കവറിൽ കൊല്ലം വിജിലൻസ് കോടതിയിൽ സമർപ്പിച്ചു. കോടതി ഇത് വിലയിരുത്തിയ ശേഷം എസ്.ഐ.റ്റി യ്ക്ക് കൈമാറും.

**************************

## മലപ്പുറം-കൊലപാതകം

മലപ്പുറത്ത് കഴിഞ്ഞ ദിവസം കാണാതായ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയെ വണ്ടൂർ മനക്കൽപ്പടി പുള്ളിപ്പാടത്ത് റെയിൽവേ ട്രാക്കിന് സമീപം കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. സംഭവത്തിൽ പ്ലസ് വൺ വിദ്യാർത്ഥിയായ പതിനാറ് കാരനെ പോലീസ് അറസ്റ്റ് ചെയ്തു.കരുവാരക്കുണ്ട് ഗവ. ഹൈസ്കൂൾ വിദ്യാർത്ഥിനിയായ 14 കാരിയാണ് കൊല്ലപ്പെട്ടത്. മൃതദേഹം കാണിച്ചുകൊടുത്ത പ്ലസ് വൺ വിദ്യാർത്ഥി വിശദമായ ചോദ്യം ചെയ്യലിൽ കുറ്റം സമ്മതിക്കുകയായിരുന്നു. പെൺകുട്ടിയെ പ്രതി പീഡിപ്പിച്ചതായും പോലീസ് പറഞ്ഞു.

**************************

PNU TVPM

## <u>കണ്ണൂർ പഴശ്ശി പദ്ധതി (**INTRO**)</u>

കണ്ണൂർ പഴശ്ശി പദ്ധതിയിൽനിന്ന് കനാൽ വഴി കൃഷി ആവശ്യ ത്തിനുള്ള ജലവിതരണം ആരംഭിച്ചു. 400 ഏക്കറോളം പ്രദേശത്തെ കൃഷിക്ക് ഇത് പ്രയോജനം പകരും.

. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

*************************

## <u>വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ്</u>

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് , ഗുജറാത്ത് ജയൻറ്സ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. നവി മുംബൈ സ്റ്റേഡിയത്തിൽ രാത്രി 7:30 നാണു മത്സരം.

*************************

## <u>ഓഹരി-സ്വർണ്ണം</u>

ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 187 പോയിന്റ് ഉയർന്ന് 83,570 ലും , നിഫ്റ്റി 28 പോയിന്റ് ഉയർന്ന് 25,694 ലും വ്യാപാരം അവസാനിച്ചു.

സ്വർണ്ണ വില കുറഞ്ഞു. പവന് 160 രൂപ കുറഞ്ഞ്
1 ലക്ഷത്തി 5,160 രൂപയാണ് ഇന്നത്തെ വില.

RNU TVM

*************************

***************

*******